

little KITEs
തനിമ
2018-2019
NSS HSS KARUVATTA
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION

# സന്ദേശം

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ കുട്ടികളിലെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കാനും അവരെ കമ്പ്യൂട്ടർ വിദഗ്ധരാക്കാനും ഉദ്ദേശിച്ചു-കൊണ്ടുള്ള ഈ പ്രസിദ്ധീകരണം ഒരമൂല്യരേഖയായി മാറട്ടെയെന്നാ-ശംസിക്കുന്നു.

ഹെഡ്മാസ്റ്റർ

കെ .റ്റി .ശ്രീകുമാർ

# എഡിറ്റോറിയൽ

നമ്മുടെ കുട്ടിക്കൂട്ടത്തിന്റെ ആദ്യത്തെ ഡിജിറ്റൽ മാഗസിൻ തയ്യാറാകുക- യാണ്. പോരായ്മകൾ ഏറെയുണ്ട്. ഒരു മൗസ് ക്ലിക്കിലൂടെ ലോകം നമുക്കുമുന്നിൽ എത്തുന്ന ഈ ഹൈടെക്ക് യുഗത്തിൽ ഈ വിദ്യാലയത്തിന്റെഹൃദയസ്പന്ദനങ്ങളെനിങ്ങൾക്കുമുൻപിൽതുറന്നുകാട്ടാൻ ഈ 'തനിമ' യുടെ ഓരോ താളുകൾക്കുംകഴിയട്ടെ.

# താളുകളിലൂടെ


| | | | |
|---|---|---|---|
| 1. | എന്റെ വിരഹം | കവിത | അഖില.എസ്സ് |
| 2. | സ്നേഹസ്മരണകൾ | കവിത | ജനി മേരി വർഗീസ് |
| 3. | കടങ്കഥകൾ | സമ്പാദകർ | 10B |
| 4. | പ്രകൃതി എന്ന പാഠം | ലേഖനം | അശ്വിൻ സുധി |
| 5. | ഒരു നല്ല മനുഷ്യൻ | കഥ | അമൽ.എ |
| 6. | അതി ബുദ്ധി ആപത്ത് | കഥ | ഡെന്നി ഷാജി |
| 7. | സ്നേഹസ്പർശം | കഥ | ബബിജിത്ത് |
| 8. | മന്ത്രവാദിയും രാജകുമാരിയും പെൺകുട്ടിയും | കഥ | സ്വീറ്റി |
| 9. | മാതൃകാമുഖംമൂടി | കഥ | പാർവതി.എം |
| 10. | നദിയുടെ ഗീതം | കഥ | അശ്വനി |
| 11. | പ്രളയം | കഥ | മുഹമ്മദ് ബിലാൽ |
| 12. | കഥ | ശിവപ്രിയ.എം | |
| 13. | കേരളം | | |
| 14. | The helping mentality driver | കഥ | Jithu Krishnan |
| 15. | പ്രളയം വിഴുങ്ങിയ കേരളം | കഥ | ഗോപിക |
| 16. | ഞാൻ കണ്ട പ്രളയം | കഥ | ശിവപ്രിയ.എം |

# എന്റെ വിരഹം

**അഖില.എസ്സ്**

ഞാൻ കാണുമാപുഴപളുങ്കുമണികൾ-
ചിന്നിചിതറിച്ച് അലതല്ലി ഉല്ലസിച്ച്
ഒഴുകി നടക്കുമാ കാലം.
ഞാൻ ഓർക്കുന്നു അത് ഇന്ന്
വെറുമൊരു ഓർമ്മ മാത്രം
ജനലഴികളിൽ കൂടി ഞാൻ
നോക്കുമാ പുഴ ഇന്നെവിടെ
അറിയില്ല അറിയില്ലെനിക്ക്
ആ പുഴ ഇന്ന് വറ്റി മരുഭൂമിയായി
എന്തിനോ തേങ്ങുന്നു എന്റെ കണ്ണുകൾ
മരവിച്ചു പോയോ എന്റെ കൈകൾ
അറിയില്ലെനിക്ക് അതുകൊണ്ടാവാം
ആ പുഴ കണ്ണുനീർ പോലെയുള്ള ജലം
എവിടെ മാനുഷ്യാ...... എവിടെ.......
നിന്റെ ക്രൂരതകൾ അതിനേയും നശിപ്പിച്ചു
ഇന്ന് മറഞ്ഞുപോയത്
വെറുത്തു ഞാൻ എന്നെ തന്നെ
അന്ന് ഞാൻ എന്റെ തുലിക
ചലിപ്പിച്ചിരുന്നെങ്കിൽ.....
ഓർക്കുമ്പോൾ മനസ്സിൽ വിങ്ങലിന്റെ
തുടിതാളങ്ങൾ മനസ്സിൽ വിങ്ങലിന്റെ
തുടിതാളങ്ങൾ മാത്രം
എന്റെ വെള്ളമില്ലാത്ത പുഴയുടെ
മന്ദഹാസമില്ലാത്ത ഈ പ്രകൃതിയിൽ
ഞാനും എന്റെ തുലികയും
ഇവിടെ തീരുന്നു.....
ഞങ്ങൾ ഈ പ്രകൃതിയിൽ നിന്ന്
അടർന്നു പോവുകയാണ്
ഞങ്ങൾക്ക് യാത്രതരു സോദരേ....

# സ്നേഹസ്മരണകൾ

**ജനി മേരി വർഗീസ്**

എൻ വീട്ടങ്കണത്തിൽ പടിക്കൽ നിൽക്കും
തെച്ചിപ്പഴത്തിലൊന്നു ഞാൻ നുണഞ്ഞീടവെ
നുണഞ്ഞതിൻ മധുരസന്തോഷം
നിറയുന്നു എൻ ചിത്തമാസകലവും
അതുഞാൻ നുണഞ്ഞാസ്വദിക്കുമ്പോൾ
ആസ്വദിക്കുന്നു ഞാൻ എൻബാല്യകാലവും
ആ തെച്ചിപ്പഴമെന്നെ കൂട്ടിനായ് തേടുന്നു
ഞാനെന്ന ബാലികയെ കൂട്ടണയ്ക്കാൻ
സ്നേഹമാം മധുരം നുണഞ്ഞിടുമ്പോൾ
ഞാൻ ഓടിയെത്തിടും വീട്ടങ്കണത്തിൽ
അവിടെയെൻ കളിത്തോഴിമാർ കാത്തിടുമെന്നെയും
സ്നേഹമാം മധുരം പങ്കിടുവാനായ്
പങ്കിട്ടുനുണഞ്ഞതിൻശേഷം ലേശമൊന്നതിൽ
ബാക്കിവെച്ചിടും ഞാൻ
ദൂരെയെങ്ങോ പറന്നെത്തിടും പറവകൾതൻ
സ്നേഹം പങ്കിടാനായ്
സ്നേഹസ്മരണകൾ തേടി ആവർത്തിക്കുന്നു ഞാൻ
ജീവിതസാഫല്യമധുരത്തിനായി....

# കടങ്കഥകൾ

**10-B**

- പാൽമൊന്തയിൽ കരിമീൻ

  *കണ്ണ്*

- കിലുകിലുക്കംകിക്കിലുക്കം  ഉത്തരത്തിൽ ചത്തിരിക്കും

  *താക്കോൽ*

- അമ്മ കല്ലിലും മുള്ളിലും മോൾ കല്യാണ ചന്തയിൽ

  *വാഴ*

- ഒരമ്മ പെറ്റതെല്ലാം തൊപ്പിക്കുട്ടന്മാർ

  *അടയ്ക്ക*

- എന്നെ തൊട്ടാൽ തൊട്ടവനെ തട്ടും

  *വൈദ്യുതി*

- അകത്തേക്ക പോകുമ്പോൾ പച്ച. പുറത്തേക്ക പോകുമ്പോൾ ചുവപ്പ്

  *മുറുക്കാൻ*

- എല്ലാം കാണും കണ്ടതെല്ലാം ഉള്ളിലാക്കും

  *ക്യാമറ*

- അടയുടെ മുൻ പിന്നിൽ പെരുമ്പട

  *തേനീച്ചക്കൂട്*

- നാലുഴി പാലുകൊണ്ട് നാചാകെ കല്യാണം

  *ചന്ദ്രൻ*

- ഒരമ്മപെറ്റതതെല്ലാം കറുത്ത പട്ടാളം

  *തീപ്പെട്ടികൊള്ളി*

# പ്രകൃതി എന്ന പാഠം

**അശ്വിൻ സുധി**

ഒരു ജീവിതത്തിന്റെ ജനനവും മരണവും പ്രകൃതിയിലാണ്. ജീവിതത്തിൽ ആവശ്യമുള്ള കാര്യങ്ങ് പ്രകൃതിയിൽ നിന്ന് ലഭിക്കുന്നുണ്ട്. മനുഷ്യ ജീവിത്തിലെ ഘടകങ്ങൾ എല്ലാം പ്രകൃതിയിൽ നിന്ന് ലഭിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ അത്യാഗ്രഹം മൂലം പ്രകൃതിയിൽ ഒരുപാട് നാശനഷ്ട്ടങ്ങൾ വരുന്നാതായി നമുക്ക് തീർച്ചപ്പെടുത്താനാവുന്ന ഒരു കാലകട്ടമാണ് ഇന്നത്തെ തലമുറ.

പണ്ടത്തെ ആ തലമുറ മാത്രമാണ് ഇന്നത്തെ തലമുറയിൽ നമ്മൾക്ക് കാണാൻ സാധിക്കുന്നത്. ഇന്നത്തെ തലമുറയിൽ നമ്മൾക്ക് തരുന്ന കാര്യങ്ങൾ ഒന്നും ശ്രദ്ധിക്കാതെയാണ് ഇന്നത്തെ പുതിയ തലമുറ പ്രകൃതിയെ ചൂക്ഷണം ചെയ്യുന്നത്. ഇതൊക്കെ ചെയ്യുമ്പോഴും മനുഷ്യരൻ പ്രകൃതി ഒന്ന് ചലിച്ചാൽ ഉണ്ടാകുന്ന അവസ്ഥയെ പറ്റി ചിന്തിക്കുന്നില്ല. അതിന്റെ ഫലമായി പ്രകൃതി ഒരു പാഠം തന്നെയാണ് മനുഷ്യർക്ക് നൽകിയത്. അതിനു ഉദാഹരണമാണ് കേരളത്തിൽ ഉണ്ടായ അതിഭീകരമായ പ്രളയം ആയിരക്കണക്കിനു ജീവനുകൾ നഷ്ട്ടമായി. ലക്ഷക്കണക്കിന് ആളുകൾക്ക് വീടും സ്ഥലവും നഷ്ട്ടമായി ഒരു നേരത്തെ ആഹാരത്തിനു പോലും കൈനീട്ടേണ്ടി വന്നു. മത്സ്യതൊഴിലാളികൾ എത്തിയാണ് പകുതിയോളം ആളുകളുടെ ജീവൻ രക്ഷിച്ചത്. ഇതൊക്കെ സംഭവിച്ചെങ്കിലും ഒരു കാര്യത്തിൽ ഒറ്റക്കെട്ടായി മനുഷ്യർ നിന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ വഴക്കിട്ടിരുന്ന മനുഷ്യർ വലിപ്പച്ചെറുപ്പം നോക്കാതെ പണക്കാരനും പാവപ്പെട്ടവനും എന്നില്ലാതെ ഒത്തൊരുമയോടെ കഴിഞ്ഞു. ഇനിയെങ്കിലും മനുഷ്യൻ പ്രകൃതിയിൽ നന്ന് ഒരു പാഠം മനസ്സിലാക്കുക പ്രകൃതിയൊന്ന് മനസ്സ് വെച്ചാൽ എല്ലാ ജീവജാലങ്ങളെയും മണ്ണിനടിയിൽ ജീവശവങ്ങളായി പൂഴ്ത്താൻ സാധിക്കും. അപ്പോൾ പാവപ്പെട്ടവനും പണക്കാരനും വേർതിരിവുണ്ടാകില്ല. നമ്മൾ ചെയ്യണ്ടത് പ്രകൃതിയെ സംരക്ഷിക്കുക എന്ന ദൗത്യമാണ്.

•

# ഒരു നല്ല മനുഷ്യൻ

**അമൽ.എ**

- ഒരു നല്ല മനുഷ്യൻ ആകുന്നത് എങ്ങനെ?

അവന്റെ സ്വഭാവം നല്ലതാകുന്നത് അവന്റെ വീട്ടിൽ നിന്നും അവന്റെ സ്കൂളിൽ നിന്നുമാണ്. അവന്റെ സ്വഭാവം അവനെ നല്ലവനും ചത്തവനും ആക്കുന്നത്. അവന്റെ പെരുമാറ്റവും സ്വഭാവവും ആണ് അവനെ ഒരു ഉത്തമനാക്കുന്നത്. പത്ത് വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അതിൽ ഒന്നോ രണ്ടോ കുട്ടികൾ മാത്രമാണ് നല്ല ഒരു വിദ്യാർത്ഥിയാകുന്നത്. ഒരു നല്ല മനുഷ്യന് ആദ്യം വേണ്ടത് സത്യസന്ധതയും നന്മ ചെയ്യാനുള്ള മനസ്സുമാണ്. ഒരാൾ നല്ല മനുഷ്യനാണോ എന്നറിയാൻ അവൻ ചെയ്യുന്ന പ്രവർത്തി ശ്രദ്ധിച്ചാൽ മതി. അവൻ എപ്പിഴും നല്ല കാര്യങ്ങൾ ആയിരിക്കും ചെയ്യുന്നത്. അവൻ എല്ലാവർക്കും പ്രയുങ്കരനായിരിക്കും. അവൻ ഒരിക്കലും സ്വന്തം കാര്യം മാത്രം നോക്കിയാവില്ല ജീവിക്കുന്നത്. നാട്ടുകാരുടെയും ബന്ധുമിത്രാദികളുടെയും നന്മയ്ക്ക് വേണ്ടിയാണ് ജീവിക്കുന്നത്.

# അതി ബുദ്ധി ആപത്ത്

**ടെന്നി ഷാജി**

ഒരിക്കൽ ഒരു കാട്ടിൽ ഒരു സിംഹമുണ്ടായിരുന്നു. ആ കാട്ടിലെ രാജാവായിരുന്നു സിംഹം. വളരെ ബുദ്ധിമാനും സാമർത്ഥ്യശാലിയുമായിരുന്നു അവൻ. സിംഹത്തിനെ രാജാവ് എന്ന സ്ഥാനത്തിൽ നിന്നു മാറ്റണം എന്നായിരുന്നു എല്ലാ മൃഗങ്ങളുടെയും ആഗ്രഹം. പക്ഷെ ചിലർക്കു മാത്രം ഈ അഭിപ്രായത്തോട് യോജിപ്പില്ലായിരുന്നു. ആ കാട്ടിലെ പൂരിപക്ഷം പേർക്കും സിംഹം മാറണം എന്നായിരുന്നു ആഗ്രഹം. സിംഹം ഒരു യോഗം വിളിച്ചു കൂട്ടി. സിംഹം പറഞ്ഞു "നിങ്ങളുടെ ഇഷ്ടം പോലെ ഞാൻ രാജസ്ഥാനത്തിൽനിന്നും മാറിയേക്കാം. പക്ഷെ അടുത്ത രാജസ്ഥാനത്ത് ആരാണെന്ന് എന്നോട് പറയണം." മൃഗങ്ങൾ അങ്ങോട്ടു ഇങ്ങോട്ടും നോക്കിയപ്പോൾ പോറഗിൽ നിന്നോരുകുറുക്കൻ പറഞ്ഞു "ഞാൻ ആയിക്കോളാം." അപ്പോൾ എല്ലാവരും തീരുമാനിച്ചു അടുത്ത കുറുക്കൻ തന്നെമതിയെന്ന്. അങ്ങനെ കുറുക്കൻ രാജാവായി. കുറുക്കൻ കുട്ടികൾക്ക് കളിക്കാൻ ഒരു കളിസ്ഥലമുണ്ടാക്കികൊടുത്തു അവിടെ കുട്ടികൾക്ക് കളിക്കാൻ ഉള്ള സാധനങ്ങൾ എല്ലാം ഉണ്ടായിരുന്നു. അങ്ങനെ കുട്ടികൾ രാവിലെ കളിക്കാൻ പോകുമായിരുന്നു. വെകിട്ടു വരുമ്പോൾ കുറച്ച് കുട്ടികളെ കാണാറില്ല. എവിടെ പോകും എന്ന് ആർക്കും അറിയില്ല. അങ്ങനെ കുട്ടികളുടെ എണ്ണം കുറഞ്ഞു വന്നപ്പോൾ മൃഗങ്ങൾ എല്ലാകൂടി രാജാവിന്റെ അടുത്ത് ചെന്ന് കാര്യം പറഞ്ഞു. രാജാവ് പറഞ്ഞു"എനിക്ക് ഇതിനെക്കുറിച്ച് ഒന്നും അറിയില്ല." വീണ്ടു കുട്ടികളുടെ എണ്ണം കുറഞ്ഞു കൊണ്ടിരുന്നു. അങ്ങനെ ഈ കാര്യം മൃഗങ്ങൾ എല്ലാം കൂടിച്ചെന്ന് സിംഹത്തോട് പറഞ്ഞു. സിഹം പറഞ്ഞു"ഞാൻ അന്വേഷിക്കാം" അങ്ങനെ ഒരു ദിവസം സിംഹം കുട്ടികൾ കളിക്കുന്നെടുത്തു ചെന്നു വൈകിട്ട് എല്ലാരും വീട്ടിലോട്ട് പോവാൻ ഇറങ്ങിയപ്പോൾ പെട്ടെന്ന് കുറുക്കൻ മുന്നിൽ ചാടി. അവരെ തിന്നാൻ ആയിട്ട് . പെട്ടെന്ന് സിഹം കുറുക്കന്റെ മുന്നിൽ ചാടി കുറുക്കനെ മൃഗങ്ങളുടെ കൈയ്യിൽ കൊണ്ടിട്ടു. അവർ അവനെ കൊന്നു കളഞ്ഞു.അങ്ങനെ വീണ്ടും സിംഹം തന്നെ ആയി രാജാവ്.

# സ്നേഹസ്പർശം

ബബിജിത്ത്

പണ്ട് പണ്ട് ഒരു അകാതമായ കാട്ടിൽ രണ്ട് മൃഗങ്ങൾ ജീവിച്ചിരുന്നു. അവർ പൊതുവേ ശാന്തരായിരുന്നു. ആ ഇടയ്ക്ക് വെളിനാട്ടിൽ നിന്ന് ഒരു മൃഗം വന്നു. അവൻ ഒരു അഹങ്കാരിയും ദുഷ്ട്ടനുമായിരുന്നു. അവന്റെ നാടിന്റെ പേര് ഗാവൽ എന്നായിരുന്നു. അവിടുത്തെ രാജകുമാരനായിരുന്നു അവൻ. പേര് വീരായി മയൽ. അവൻ വേഷം മാറിയാണ് വന്നത്. അവിടുത്തെ രാജാകുമാറിയുമായി അവൻ പ്രേമത്തിൽ അകപ്പെട്ടു അതോടെ അവന്റെ അഹങ്കാരവും ദുഷ്ടതകളും എല്ലാം മാറി. അവിടെ രാജാവിന്റെ അടുക്കൽ അവൻ ധൈര്യമായി പറഞ്ഞു. എനിക്ക് അങ്ങയുടെ മകളിനെ വളരെ ഇഷ്ടമാണ്. എനിക്ക് വിവാഹം ചെയ്തു തരണമെന്നും പറഞ്ഞു. രാജാവ് ചോദിച്ചു നിനക്ക് എന്ത് യോഗ്യതയാണ് ഉള്ളത്. ഞാൻ ഗാവൽ രാജ്യത്തെ രാജകുമാരനാണെന്ന സത്യം വീരായി വെളിപ്പെടുത്തി. രാജാവ് ഞെട്ടിപ്പോയി. രാജകുമാരിക്ക് ഈ സത്യം നേരത്തെ തന്നെ അറിയാമായിരുന്നു. രാജാവ് പറഞ്ഞു വരുന്ന യുദ്ധത്തിൽ നീയാണ് സൈന്യത്തിന്റെ ചുമതലയോക്കേണ്ടത്. വീരായി പറഞ്ഞു ശരി ഇനി യുദ്ധം കഴിഞ്ഞ് കാണാമെന്ന് എല്ലാവരും യുദ്ധത്തിന് പുറപ്പെട്ടു. യുദ്ധം കഴിഞ്ഞ് രാജ്യമാകെ ശൂന്യമായിരുന്നു. കാലവും കഴിഞ്ഞുപോയി. എന്നിട്ടും വീരായി മുയലിനെ ആരും ഇതുവരെ കണ്ചില്ല. വർഷങ്ങൾമാറിമറിഞ്ഞപ്പോൾ. വീരായി നാട്ടിൽ തിരിച്ചെത്തി രാജകുമാരി ഒടി വന്നു വീരായിയെ കെട്ടിപ്പിടിച്ചു.

ഇതിൽ നിന്നു നമുക്ക് മനസിലാക്കാം ആദിമമായ സ്നേഹം ആണെങ്കിൽ . എത്ര കാലം പിന്നിട്ടാലും ഒരുനാൾ ആവർ ഒരുമാക്കും.

# മന്ത്രവാദിയും, രാജകുമാരനും, പെൺകുട്ടിയും

സ്വീറ്റി

ഒരിടത്തൊരിടത്ത് ഗ്രീസിലെ മദ്രാനിയാനിൻ എന്നൊരു സ്ഥലത്ത് കിന്റാ എന്നൊരു പേരുള്ള ഒരു ദുഷ്ടമന്ത്രവാദിനി ജീവിച്ചിരിന്നു. അവർക്കൊരു പെൺകുട്ടി പിറന്നു. അവർ അവളെ ലില്ലീ എന്നു പേരു വിളിച്ചു അവർ അവളെ വളരയേറെ ലാളിച്ചും കൊഞ്ചിച്ചും വളർത്തി. വളർന്നു വലുതായപ്പോൾ അവൾ തന്റെ കാര്യങ്ങളെല്ലാം സ്വയമായി ചെയ്യുവാൻ തുടങ്ങി. ഇതുകണ്ട മന്ത്രവാദിനിക്ക് കോപം വന്നു. അവൾ അലറി പിന്നെ ക്ലിന്റാ തന്റെ മകളെ ഒരു നല്ല മന്ത്രവാദിനിയാക്കണമായിരുന്നു. അതു പക്ഷെ ലില്ലിക്ക് ഒട്ടും ഇഷ്ടമല്ലായിരുന്നു. അവൾക്ക് ഒരു നല്ല രാജാകുമാരി ആകുമായിരുന്നു. രാജ്യത്തെ ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് അവരെ സഹായിക്കണമായിരുന്നു. അവൾ കാട്ടിൽ, കൊടു വനത്തിൽ കാതടപ്പിക്കുന്ന ശബ്ദങ്ങളുടെ നടുവിൽ എന്നും രാജകുമാരനെ, അത് ഒരു നല്ല രാജകുമാനെ സ്വപ്നം കണ്ടു കിടക്കുമായിരുന്നു. അവൾ ആ കാട്ടിലെ മൃഗങ്ങളുമായി നല്ല കൂട്ടുകാരിയായി തീർന്നു. അവൾ അവർക്കുവേണ്ടി എന്നും മധുരമായ സ്വരത്തിൽ നല്ല നല്ല പാട്ടുകൾ പാടുമായിരുന്നു എന്നാൽ ഒരു ദിവസം അത് സംഭവിച്ചു. ആ രാജ്യത്തെ രാജകുമാരൻ നായാട്ടിനായി ആ കാട്ടിൽ വന്നു. അപ്പോൾ അവിടെ അതിസുന്ദരിയായ ഒരു പെൺകുട്ടി കാടിന്റെ നടുവിൽ കുടക്കുന്നത് കണ്ടു. ആ രാജകുമാരൻ വയലരെ ദയാലുവും നിഷ്കളങ്കനും. ധർഷ്ഠനും നീതിമാനും ആയിരുന്നു. രാജകുമാരന് അവളെ കണ്ടപ്പോൾ തന്നെ അനുരാഗം  തോന്നി. രാജകുമാരൻ എല്ലാ കാര്യങ്ങളും അളോടു ചോജിച്ചു. പിന്നെ അവളോടു എന്നെ നിനക്ക് വിവാഹം കഴിക്കാൻ സമ്മതമാണോ എന്നു ചോദിച്ചു. സമ്മതം മൂളി രാജകുമാരിയും സമ്മതിച്ചു. പിന്നെ എല്ലാം പെട്ടെന്നായിരുന്നു വലിച്ചു കയറ്റി നേരേ കൊട്ടാരത്തിലേക്ക് പോയി ആദ്യമായി കൊട്ടാരം കണ്ട അവൾക്ക് തന്റെ ആഹ്ലാദം അടക്കാൻ കഴിഞ്ഞില്ല. ലില്ലിയുടെയും രാജകുമാരന്റെ വിവാഹം വളരെ ആർഭാടകരമായി നടന്നു അവർ രണ്ടു പേരും അവിടുത്തെ രാജാവിന്റെ മരണശേഷം ആ രാജ്യം നല്ല പോലെ ഭരിച്ചു. അവർ രണ്ടു പേരും സന്തോഷത്തോടെ ജീവിച്ചു.

# മാതൃക മുഖം മൂടി

പാർവ്വതി.എം

ഒരിത്ത് ഒരിടത്ത് ഒരു ചെന്നായ ഉണ്ടായിരുന്നു അവൻ മഹാ ക്രൂരനായിരുന്നു അവൻ കാട്ടിലെ പുലിയെയും സിംഹത്തെയും ക്രൂരനായിരുന്നു. അവന്റെ കണ്ണിൽ പെടുന്ന മൃഗങ്ങളെ എല്ലാം അവൻ ഭക്ഷിക്കും കുഞ്ഞ് മാൻകുട്ടികളെയും, മുയലുകളെയുമെല്ലാം. ഇവന്റെ ശല്യം സഹിക്കാൻ വയ്യാതെ സിംഹരാജൻ ഒരു തീരുമാനംമെടുത്തു. ഇവനെ ഈ കാട്ടിൽ നിന്ന് പുറത്താക്കണമെന്ന് അറിയിച്ചു. അതോടെ കാട്ടിലെ എല്ലാ മൃഗങ്ങൾക്കും സമാധാനമായി. എല്ലാവരുടെയും ഭയം കുറച്ചൊക്കെ മാറി. അന്ന് രാത്രി എല്ലാവരും വിചാരിച്ചു ഇവൻ ഈ കാട്ടിൽ നിന്ന് പോയി എന്ന്. എന്നും കരുതി മാൻകുട്ടികളെല്ലാം കളിക്കാൻ ആയി പോയി. ആ ചെന്നായെ സഹായിക്കാൻ മറ്റൊരു ചെന്നായ ഉണ്ടായിരുന്നു. ഈ രണ്ട് ചെന്നായും കൂടി മലമുകളിൽ കയറി നിന്ന് എല്ലാം കാണുന്നുണ്ടായിരുന്നു. അന്ന് രാത്രി ആ ചെന്നായ മറ്റെ ചെന്നായയുടെ ഗുഹയിലാണ് കിടന്ന് ഉറങ്ങിയത്. ഇവര് രണ്ട് പേരും കൂടി ആലോചിച്ചു. ഈ മാൻ കുട്ടികളെ എങ്ങനെ വലയിൽ വീഴ്ത്തെമെന്ന്. പെട്ടെന്ന് ചെന്നയക്ക് ഒരു സൂത്രം തോന്നി ഇവർ രണ്ട് പേരും കൂടി അവിടെ കണ്ട ഇലകൾ എല്ലാം പറിച്ച് ദേഹത്ത് വെച്ച് കെട്ടി. അവിടെ കിടന്ന മുഖം മൂടി എടുത്ത് ചെന്നായ വെച്ചു. ചെന്നായെ കണ്ടാൽ ഒരു മാൻ കുട്ടി ആണെന്ന തോന്നി പോകും. ആതെ മറ്റൊരു മുഖം മൂടി താഴെ കിടക്കുന്നു. അവൻ അത് പെട്ടെന്ന് എടുത്തു. അവനെയും കാണാൻ മാൻകുട്ടിയെ പോലെ ആയി. അവർ രണ്ടു പേരുംകൂടി ഓടി മാൻക്കുട്ടികളുടെ അടുത്ത് ചെന്നു. അവരോട് ചോദിച്ചു, ഞങ്ങളെയും കൂടി കളിപ്പിക്കാമൊന്ന് അവർ തലയാട്ടി സമ്മതം മൂളി. അവരും കളിച്ചു. അതിലെ ഒരു മാൻ കണ്ടപ്പോൾ ഒരു സംശയം പക്ഷെ കുഴപ്പം ഇല്ലന്ന് മനസ്സിലായി. അവർ പെട്ടന്ന് തന്നെ എല്ലാത്തിന്റെയും ദേഹത്ത് പിടിച്ച്. അതുങ്ങളെ എല്ലാം കൊന്ന് തിന്നു.

# നദിയുടെ ഗീതം

**അശ്വനി**

പാടുകയാണവൾ പാടുകയാണവൾ
തനതായ ആത്മസുഖത്തിനായി
ഒരു കുഞ്ഞു പുഞ്ചിരിക്കായി അലയുകയാണവൾ
രാത്രിയുടെ പുഞ്ചിരി വെളിച്ചത്തിൽ മന്ദമായി
ഒഴുകുകയണവൾ കണ്ണീർ പൊഴിച്ചുകൊണ്ട് അവൾ
വൻസമുദ്രങ്ങളിലേക്ക് നീങ്ങുകയാണവൾ
നീർച്ചാലുകളിലൂടെയും, പാറക്കെട്ടുകളിലൂടെയും
ചിന്നിചിതറി മണിമുത്തുകളായി സമുദ്രത്തിൽ
ചെന്നുചേരുകയാണവൾ അവളുടെ അനന്തമായ യാത്ര
ഒരിക്കലും അവസാനിക്കാതെ തുടർന്നുകൊണ്ടിരുന്നു.

# പ്രളയം ബാധിച്ച കേരളം

**ശിവപ്രിയ.എം**

രമണീയമീ മലനാട് നടുങ്ങി!
നാട്ടിലുണ്ടായ മഹാമാരിയതു
വൻപ്രളയമായി! മഴക്കാലം
ശക്തമിടപ്പാതിയായി പെയ്തു
പരക്കെയെങ്ങും ജലസമൃദ്ധിയുമായി!
കാലവർഷത്തിനിടവേള നൽകാതെ
കലിതുള്ളിത്തിമിർത്തു പടർന്നേറെ
പ്രദേശങ്ങളിൽ! മലനിരകളതിലുണ്ടായി-
യുരുൾപൊട്ടൽ നദികൾ നിറഞ്ഞു-
ടനെയെത്തിയിതണക്കെട്ടിൽ
ജീവനും സ്വത്തും കവർന്നെടുത്തേ
വെള്ളപ്പൊക്കം ദുരിതത്തിൽ രക്ഷപ്പെട്ടോർ
ലക്ഷങ്ങൾ വിങ്ങിപ്പൊട്ടി കേരളം
മറക്കുകയില്ല വിശ്രുത വെള്ളപ്പൊക്കം.

# THE HELPING MENTALITY OF A DRIVER

**JITHU KRISHNAN**

Once upon a time their was a rikshaw driver. He was living in Bombay and his name was Jithu. He was driving very fastly. His rikshaw crashed with a women. At that time she was going to railway station with a passenger. Jithu said to the women to stay here and I will come and get her to the hospital. The rikshaw driver go to the railway station with the passenger. Suddenly a number of men arrived the place and told to her that he will not come he is a bad boy he will not help you. The women started crying suddenly Jithu came to the place and get her to hospital the women feel very happy because in today's world the driver's is not like this they will go after crashing.

He is a role model to today's drivers.

# ഞാൻ കണ്ട പ്രളയം

**ശിവപ്രിയ.എം**



പ്രളയകാലത്ത് പ്രകൃതിക്ക് രൗദ്രഭാവമായിരുന്നു. എല്ലാത്തിനേയും നാരോൻമുഖമാക്കാനുള്ള ഭാവം. ആർത്തിരമ്പുന്ന നദികളും. കായലിനേയം കരയേയും ഒരുപോ-ലെയാക്കുന്ന പേമാരി വർഷം പുഴകവിഞ്ഞു.വയലാകെ നിറഞ്ഞു. പെട്ടന്നുതന്നെയായിരുന്നു വിടിന്റെ മുറ്റത്താ-

കെ മഴവെള്ളപ്പായ്യ് ചിൽ ഓടിയെത്തിയത്. ഇത് കണ്ട-പ്പോൾ എന്റെ മനസ്സിൽ ആഹ്ലാദമുണ്ടായി വെള്ളത്തിൽ ഞാൻ തുള്ളിച്ചാടിക്കളിച്ചു. സമയം നീങ്ങിപോകും തോറും ജലനിരപ്പ് ഉയർന്ന് വന്നുകൊണ്ടിരുന്നു ആദ്യം പടിവരെയെത്തി. പിന്നെ വീടിനുള്ളിലേക്ക് വെള്ളം പൊങ്ങി വന്നു. മറ്റുള്ളവരോക്കെ അവരുടെ പാണ്ടങ്ങളുമായി അവിടെനിന്നു പാലായനം ചെയ്തു. ഞങ്ങൾ എവിടെയെങ്കിലും പോയി പക്ഷപ്പെടണം എന്ന് തോന്നി. അടുത്ത ദിവസം ഞങ്ങളുടെ പാണ്ടങ്ങളെടുത്ത് വള്ളത്തിൽ ക്യാമ്പിലേക്ക് യാത്രയായി. അവിടെ ചെന്നപ്പോൾ ഞങ്ങളെ അവർ അവരുടെ കുടുംബത്തിലെ അംഗങ്ങളായ് സ്വീകരിച്ചു. 10 ദിവസ-

ത്തെ ക്യമ്പ് ജീവിതം കഴിഞ്ഞ് തിരിച്ചു. ഞങ്ങൾ വീട്ടിലേക്ക് മടങ്ങി വീട് ആകെ പ്രളയച്ചെളിയിൽ മുങ്ങി. വീട്ടുപകരണങ്ങളെല്ലാം അവിടെ ഇവിടെ ചിതറിക്കിടന്നി-

രുന്നു. വീടിനുള്ളാകെ അലങ്കോലപ്പെട്ടിരിക്കുന്നു. അടുക്കളത്തോട്ടമൊക്കെ നശിച്ചിരുന്നു അങ്ങനെ മഹാ പ്രളയകാലം മറക്കാൻ ആവത്ത കുറേ അനുഭവങ്ങൾ സമ്മാനിച്ചു കടന്നുപോയി.

# പ്രളയം

**മുഹമ്മദ് ബിലാൽ എം.എസ്**

വെള്ളപ്പൊക്കം  നാടെങ്ങും വെള്ളപ്പൊക്കം.

ഉറ്റവരെകാണുന്നില്ല,  കുട്ടികളെക്കാണുന്നില്ല

നാടെങ്ങും വെള്ളപ്പൊക്കം.
കലിതുള്ളിപ്പെയ്യുന്ന മഴയെതടയാൻ

സാക്ഷാൽ ദൈവത്തിനുമാത്രമേ സാധിക്കൂ.

ആടുകളും,  പശുക്കളും ഒഴുകിനടക്കുന്നു.

ഹെലികോപ്പ്റ്ററിലും ബോട്ടിലും ആളുകളെ രക്ഷിക്കുന്നു.  ആരും

ക്ഷണിക്കാതെ കടലിന്റെ മക്കൾ രക്ഷാപ്രവർത്തനത്തിൽ ചേരുന്നു.
ആളുകളെ ക്യാമ്പുകളിലും ബന്ധുവീടുകളിലും

അഭയം പ്രാപിക്കുന്നു.
ഒരു സഹോദരൻ സ്വന്തം ശരീരം പടിയാക്കി

നിൽക്കുന്നു.

ഓണവും,  ബലിപെരുന്നാളും വെള്ളത്തിലായി.

പുത്തൻ വസ്ത്രം ഇട്ട് മസ്ജിദിൽ പോകുന്നില്ല.

വിഷമം ഈ വെള്ളപ്പൊക്കം.

# പ്രളയം വിഴുങ്ങിയ കേരളം

ഗോപിക

മനുഷ്യജീവന് ഭീക്ഷണിയായി മനുഷ്യൻ തന്നെ വാർത്തെടുത്ത അപകടമായിരുന്നു 2018-ലെ പ്രളയം കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു വൻദുരന്തമായിരുന്നു ഈ മഹാജലപ്രളയം. ഈ പ്രളയം മൂലം മനുഷ്യരുടെ കണ്ണിൽ നിന്ന് വീണ കണ്ണുനീരിന് അളവില്ല. ജീവിതമാകുന്ന വിളക്കിലെ എണ്ണവറ്റിയ അവസ്ഥയായിരുന്നു മനുജർ-ക്ക്. തോരാതെ പെയ്ത മഴപോലെയായിരുന്നും പ്രളയം.

പ്രളയം കൊണ്ടുപോയതന്റെ വീടും കൃഷിയിടവും കണ്ട മനുഷ്യന്റെ അവസ്ഥ.

മനുഷ്യൻ വളരെയധികം സ്വപ്നങ്ങൾ കണ്ടുകാണ്ടായിരുന്നു ഒരോ കല്ലും തന്റെ വീടുകൾക്ക് കെട്ടിടങ്ങൾക്കും വേണ്ടി ഉറപ്പിച്ചത്. നേടിയതെല്ലാം ഒറ്റനിമിഷം കൊണ്ട് പ്രളയം കൊണ്ടുപോയി. മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തത്തിന്റെ തിരിച്ചടിയാവാം ഈ പ്രളയം.

ഈ പ്രളയത്തിൽ മനുഷ്യർ നേടിയത് ജാതിമതഭേദമില്ലാത്ത മനുഷ്യരെയാണ്. സമ്പന്നരെന്നോ ദരിദ്യനെന്നോ ഇല്ലാതെ ഒരു കുടുംബം പോലെ താമസിക്കാനുള്ള മനസ്സാണ്. നമ്മളിൽ പലരും തള്ളിപ്പറ-

ഞ്ഞ മത്സ്യത്തൊഴിലാളികൾ തന്നെ നേണ്ടിവന്നു നമ്മളെ രക്ഷിക്കാൻ. അവരെ നമ്മൾ എന്നും ബഹുമാനിക്കുക-

യും ഓർക്കുകയും വേണം. എത്ര മനുഷ്യർ മരണത്തോട് മല്ലടിച്ച് കിടന്നു മരണമടിഞ്ഞു. തന്റെ ജീവൻ അവസാനിച്ചെന്ന് കരുതിയവർക്ക് ജീവൻ തിരിച്ച്കിട്ടി. കേരളത്തിലെ എല്ലാ ഡാമുകളും തുറന്നു. കടലിന്ന് പുഴയിലേക്കും പുഴയീന്ന് കരയിലോക്കും വെള്ളം കവിഞ്ഞൊഴുകുവാൻ തുടങ്ങി. ആളിക്കത്തുന്നകോ പാഗ്നിയായി ജലം ഒഴുകി.

കേരളത്തിൽ നിരവധി ക്യാമ്പുകൾ തുറന്നു. ക്യാമ്പുകളിൽ ജനങ്ങൾ തിങ്ങഅങ്ങിപാർത്തു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ പ്രളയം വിഴുങ്ങിയപ്പോൾ ജനങ്ങൾ ആകെ കണ്ണീരിലായി



**Avanthika Sanu**



**Arjun**

# അവിസ്മരണീയ മുഹൂർത്തങ്ങൾ










പ്രസിഡന്റ്
ഡോ: ജോസ് മാത്യു
നയിക്കുന്ന
ഗാന്ധിജി –
150–ാം ജന്മ
ഗാന്ധിജി
ഒക്ടോബർ–22, മുതൽ നവംബർ

ഇതാണെന്റെ വിദ്യാലയം ഇതാണെന്റെ അഭിമാനം
ഇവിടെ പഠിക്കുവാൻ ഇവരെ കാണാൻ കഴിയുന്നതാണെന്റെ സന്തോഷം

